പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2491 — 18.02.2016-ൽ മറുപടിക്ക്.

## പടക്കശാലകൾ, നെയ്ത്തുമില്ലുകൾ എന്നിവിടങ്ങളിലെ ബാലവേല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) പടക്കശാലകൾ, നെയ്ത്തുമില്ലുകൾ തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളിൽ ധാരാളം കുട്ടികൾ ജോലി ചെയ്യുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സ്വന്തം കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള അപകടരഹിത തൊഴിൽ മേഖലകളിൽ കുട്ടികളെ ജോലി ചെയ്യിക്കാമെന്ന കേന്ദ്ര ബാലവേല (നിരോധനവും നിയന്ത്രണവും) ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് ബന്ധുക്കൾ എന്ന വ്യാജേന കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിക്കാനുള്ള സാധ്യത ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) 1996-ലെ ബാലവേല നിരോധന നിയമ പ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തി ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ, ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറായും ചൈൽഡ് വെൽഫെയർ കം മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. നിലവിൽ തിരുവനന്തപുരം, |

കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളെ ബാലവേല വിമുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റു ജില്ലകളെ കൂടി ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിക്കാനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) ഇത്തരത്തിലുള്ള തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(സി) 2010-ലെ വിദ്യാഭ്യാസ നിയമത്തിലൂടെ 6 വയസ്സു മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ചൈൽഡ് ലൈൻ, സാമൂഹിക നീതി വകുപ്പ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പങ്കാളിത്തോടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ